പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 96

13.06.2013 ൽ മറുപടിക്ക്

## ഗ്യാസ് സിലിണ്ടറുകളുടെ കാലപ്പഴക്കം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്:<br>ശ്രീ. എം. ഉമ്മർ:<br>ശ്രീ. പി. ഉബൈദുള്ള:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) വിവിധഏജൻസികൾ വിതരണം ചെയ്യുന്ന ഗ്യാസ് സിലിണ്ടറുകളുടെ കാലപ്പഴക്കം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) ഗ്യാസ് സിലിണ്ടറുകളുടെ കാലപ്പഴക്കം സംബന്ധിച്ച പരിശോധന ഇപ്പോൾ നടത്തുന്നത് ഓയിൽക്കമ്പനികളാണ്. ബോട്ടിലിംഗ് പ്ലാന്റുകളിൽനിന്നും പുറത്തു പോകുന്നതിനു മുൻപായി ഓരോ എൽ.പി.ജി. സിലിണ്ടറും കൃത്യമായ പരിശോധനകൾക്ക് വിധേയമാക്കാറുണ്ടെന്നും പുതിയ സിലിണ്ടറുകളുടെ പ്രഷർ ടെസ്റ്റിംഗ് തുടക്കത്തിൽ 10 വർഷത്തിലൊരിക്കലും ആദ്യ ടെസ്റ്റിനുശേഷം 5 വർഷത്തിലൊരിക്കലും നടത്താറുണ്ടെന്നും ടെസ്റ്റിൽ യോഗ്യതനേടാത്ത സിലിണ്ടറുകൾ ഉപയോഗശൂന്യ സിലിണ്ടറുകളാക്കി കണക്കാക്കി ഇവയെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നതെന്നും എല്ലാ പീരിയോഡിക് ടെസ്റ്റുകളും നടത്തിമാത്രമേ സിലിണ്ടറുകൾ വിതരണത്തിനായി നൽകാറുള്ളൂ എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | നിലവിലുള്ള നിയമപ്രകാരം ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കാവുന്നതിന്റെ പരമാവധി കാലാവധി എത്രയാണ്; വിശദാംശം നൽകുമോ ; | (ബി)<br>(സി) ഗ്യാസ് സിലിണ്ടറുകൾ ഉപയോഗിക്കുന്നതിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. ടെസ്റ്റുകൾക്ക് വിധേയമാക്കുമ്പോൾ യോഗ്യത നേടാത്ത സിലിണ്ടറുകളെ പുതിയ സിലിണ്ടറുകളാണെങ്കിൽ പോലും നിയമ വിധേയമായി നശിപ്പിക്കുകയാണ് ചെയ്യുന്നതെന്ന് എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | കാലാവധി കഴിഞ്ഞ ഗ്യാസ് സിലിണ്ടറുകൾ വിതരണം നടത്തുന്നത് തടയാൻ ഏജൻസികൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ ? | |

സെക്ഷൻ ഓഫീസർ